No. CEE/4383/2014/KEAM-2015/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# 2015–ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു.

2015–ലെ എം.ബി.ബി.എസ്/ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ കോഴ്സുകളിലേയ്ക്കും അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. നിശ്ചിത സമയത്തിനുള്ളിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയ വിദ്യാർത്ഥികളെ മാത്രമാണ് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിനായി പരിഗണിച്ചിട്ടുള്ളത്.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **2015 സെപ്റ്റംബർ 10** മുതൽ **2015 സെപ്റ്റംബർ 15** വരെ തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കിയശേഷം **15.09.2015 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ലഭിക്കുന്നവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് **2015 സെപ്റ്റംബർ 10** മുതൽ **2015 സെപ്റ്റംബർ 15** വരെ തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കിയശേഷം **15.09.2015 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക ഒടുക്കാത്ത വിദ്യാർത്ഥികളുടെയും, കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും അലോട്ട്മെന്റും, മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

**<u>കുറിപ്പ്:</u> സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

**കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 252/2014/H.Edn. Dated: 07.06.2014 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**

**മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No. 372/2015/H.Edn. Dated: 03.07.2015, GO(Ms) No.378/2015/H.Edn. Dated: 03.07.2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടതില്ല. എന്നാൽ അവർക്ക് കോളേജുകളിൽ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.**

കൂടുതൽ വിവരങ്ങൾക്ക് 0471 2339101, 2339102, 2339103, 2339104 എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

09.09.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**